KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 212/PR/PIC/PHQ/18 Date : 21.08.18

ഓപ്പറേഷൻ ജലരക്ഷ - 2

## പ്രളയം - പുനരധിവാസത്തിന് സ്കീം തയ്യാറാക്കി പോലീസ്

പ്രളയത്തെ തുടർന്ന് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ജനങ്ങളുടെ സുരക്ഷയ്ക്കും വീടുകളിലേയ്ക്കും ഉള്ള മടക്കത്തിനും വേണ്ട പൂർണ്ണ പിന്തുണ ഇടപെടലും പോലീസ് നൽകുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. മറ്റു വകുപ്പുകളും ഏജൻസികളുമായി സഹകരിച്ച് ഇക്കാര്യം നിർവഹിക്കും. ഓപ്പറേഷൻ ജലരക്ഷ -2 എന്നപേരിൽ ലോക്കൽ പോലീസുൾപ്പെടെ 30,000 പോലീസുകാരെ ഉൾപ്പെടുത്തി ഇതിനായൊരു സ്കീം തയ്യാറാക്കിയെന്നും അദ്ദേഹം അറിയിച്ചു. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ നിയമിക്കും.

ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങളും വസ്തുക്കളും പോലീസുദ്യോഗസ്ഥർക്ക് നൽകും. ലോക്കൽ പോലീസിനു പുറമെ എ.പി. ബറ്റാലിയൻ. വനിതാ ബറ്റാലിയൻ, ആർ.ആർ.എഫ്, തുടങ്ങിയ വിവിധ വിഭാഗങ്ങളിലെ പോലീസുദ്യോഗസ്ഥരെ ഇതിനായി നിയോഗിക്കും. ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനൊപ്പം എസ്. എച്ച്. ഒ മാരുടെ നേതൃത്വത്തിൽ ലോക്കൽ പോലീസ് ഗതാഗത തടസ്സം മാറ്റുക, വീടുകളിൽ മടങ്ങിയെത്തുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുക, തകർന്ന റോഡുകളും മറ്റും ഗതാഗതയോഗ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തും.

മോഷണ ശ്രമങ്ങളും മറ്റും തടയുന്നതിന് ആവശ്യമായ പട്രോളിങ് ശക്തമാക്കും. ഇതിനുപുറമേ ക്യാമ്പുകളിലുള്ള കുട്ടികളുടെ സുരക്ഷ ഉൾപ്പെടെ ഉറപ്പുവരുത്തുന്നതിന് ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് വിഭാഗത്തിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അന്തേവാസികളല്ലാതെ മറ്റാരേയും ക്യാമ്പുകളിലേയ്ക്ക് അനുവാദം ഇല്ലാതെ പ്രവേശിപ്പിക്കുകയില്ല. ക്യാമ്പുകളിൽ ആവശ്യമായ സ്വകാര്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കും. സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നവർക്കെതിരെ പരിശോധന നടത്തി നടപടിയെടുക്കാനും പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ക്യാമ്പുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരും.

കുടുംബങ്ങളെ ഏറ്റെടുക്കും.

ദുരിതത്തിലായ കുടുംബങ്ങൾ വീടുകളിൽ മടങ്ങിയെത്തി ദൈനംദിന ജീവിതം പൂർണമായും സാധാരണ നിലയിലാകുന്നതുവരെ അവർക്കാവശ്യമായ സഹായങ്ങൾ നല്കാൻ ഓരോ പോലീസ് ഉദ്യോഗസ്ഥനും ഒരു കുടുംബത്തിന്റെ പുനരധിവാസം ഏറ്റെടുക്കുന്ന തരത്തിൽ

പ്രവർത്തനം ആവിഷ്കരിക്കും. മൂന്നു കുടുംബത്തിന്റെ പുനരധിവാസം സംസ്ഥാന പോലീസ് മേധാവി ഏറ്റെടുക്കും.

ജനമൈത്രി പോലീസും സഹായത്തിന്

ജനമൈത്രി പോലീസിന്റെ മുൻകൈയിൽ ഓരോ സ്ഥലത്തും വീടു നഷ്ടപ്പെട്ട വളരെ പാവപ്പെട്ട ഏതാനും കുടുംബങ്ങൾക്ക് വീടു നിർമിച്ചു നല്കും. മറ്റ് പുനരിധാവസ പ്രവർത്തനങ്ങളിലും ജനമൈത്രി സമിതികളുൾപ്പെടെ പങ്കെടുക്കും.

ഓണം - ദുരിതാശ്വാസ ക്യാമ്പുകളിൽ

കഴിയുന്നത്ര പോലീസുകാർ ഓണക്കാലത്ത് പുനരധിവാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ദുരിത ബാധിതരെ സഹായിക്കുകയും ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർഥിച്ചു.

പോലീസിന്റെ വക പത്തു കോടി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പോലീസ് വകുപ്പിന്റേതായി കുറഞ്ഞത് പത്തു കോടി രൂപ സമാഹരിച്ച് നൽകുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതിൽ കുറച്ചു തുക ഇതിനകം തന്നെ നൽകിയിട്ടുണ്ട്. ബാക്കി തുക കൂടി വൈകാതെ സമാഹരിച്ചു നൽകും.

രക്ഷാപ്രവർത്തനത്തിന് അഭിനന്ദനം.

ദുരിതമുഖത്ത് രക്ഷാപ്രവർത്തനത്തിനായി 40,000 ത്തോളം പോലീസുകാരെയും വിന്യസിച്ചിരുന്നു. നിരവധി ആളുകളെ രക്ഷപ്പെടുത്തിയതിന് സഹായിച്ചതിനോടൊപ്പം ഏകദേശം 53000 പേരെ പോലീസുകാർ നേരിട്ട് രക്ഷപ്പെടുത്തുകയും ചെയ്തു. പോലീസിന്റെ വിവിധ കൺട്രോൾ റൂമുകളിലും ജില്ലകളിലുമായി ലഭിച്ച അനേകം സഹായാഭ്യർഥനകളിൽ ലഭിച്ച വിവരമനുസരിച്ച് കുടുങ്ങിക്കിടക്കുന്നവരെ രക്ഷപ്പെടുത്തുന്നതിനുള്ള നടപടികൾക്കൊപ്പം ഫോണിൽ കിട്ടുന്നവരെ ബന്ധപ്പെട്ട് ആശ്വസിപ്പിക്കാനും ശ്രമിച്ചിരുന്നു. ജില്ലകളിൽ ആരംഭിച്ച കൺട്രോൾ റൂമുകളിൽ ഫോൺ കോളുകൾ നിറഞ്ഞതിനെ തുടർന്ന് പോലീസ് ആസ്ഥാനത്തെ കൺട്രോൾ റൂമിൽ 10 ലൈനുകളുടെ ഒരു ഹെൽപ് ലൈനും ആരംഭിച്ചു. പോലീസിന്റെ 2276 വാഹനങ്ങളും ദുരിതാശ്വാസത്തിൽ പങ്കെടുത്തു.

വളരെ മികച്ച രീതിയിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട എല്ലാ പോലീസുദ്യോഗസ്ഥരെയും സംസ്ഥാന പോലീസ് മേധാവി അഭിനന്ദിച്ചു. പ്രത്യേകിച്ച് നിർദ്ദേശമൊന്നും ഇല്ലാതെ വ്യക്തിപരമായ സന്നദ്ധതയുടെ അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥർ പ്രവർത്തനത്തിൽ ഇറങ്ങുകയായിരുന്നു. പല പോലീസുദ്യോഗസ്ഥരുടെയും വീടുകൾ വെള്ളത്തിലാവുകയോ കുടുംബാംഗങ്ങൾ ഒറ്റപ്പെടുകയോ ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നിട്ടും രക്ഷാപ്രവർത്തനങ്ങൾ തുടരുകയായിരുന്നു അവരിൽ പലരും. അത്തരക്കാരെ സഹായിക്കുന്നതിനും നടപടിയുണ്ടാകും. യൂണിഫോം, ഷൂ, ക്യാപ്, ബെൽറ്റ് ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിനിടെ കേടുപറ്റിയ പോലീസുദ്യോഗസ്ഥരെയും സഹായിക്കും. സംസ്ഥാനത്ത് മൂന്നു പോലീസ് സ്റ്റേഷനുകളും പ്രളയത്തിൽ പൂർണ്ണമായി നശിച്ചിട്ടുണ്ട്. അവയും ഭാഗമായി കേടുപറ്റിയവയും പുനർനിർമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കും.

പോലീസിനെ ഈ പ്രവർത്തനങ്ങളിൽ സഹായിച്ച വിവിധ സംസ്ഥാനങ്ങളിലെ പോലീസുദ്യോഗസ്ഥർക്കും. പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നല്കിയ ഫയർഫോഴ്സ്, റവന്യൂ ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ, സേനാ വിഭാഗങ്ങൾ വിവിധ പ്രസ്ഥാനങ്ങളിലെ പ്രവർത്തകർ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നുവെന്നു സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*************